Page 1 of 1

(എ-സി) 2016 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ കൊടുവള്ളി നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളെ സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.*

മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി

46(3474) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ അൻപത് ലക്ഷം രൂപ അനുവദിച്ചിരുന്ന തലശ്ശേരി നിയോജകമണ്ഡലത്തിലെ മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറിയുടെ നിർമ്മാണ പ്രവൃത്തിക്കുള്ള ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലെ കമ്പ്യൂട്ടർ നം. 1020914-ലെ സി.എൽ.എ.ഡി./എ 3/238/2018 ഫയലിൽ നടപടി ത്വരിതപ്പെടുത്തി ഫണ്ട് അനുവദിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) 2018-19 സാമ്പത്തിക വർഷം മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി നിർമ്മാണത്തിനായി വകയിരുത്തിയ 50 ലക്ഷം രൂപ ടി ആവശ്യത്തിലേയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നതിനായി അനുവദിക്കണമെന്ന അഭ്യർത്ഥന സംബന്ധിച്ച് സാംസ്കാരിക വകുപ്പ് സമർപ്പിച്ച പ്രൊപ്പോസൽ (നം.1020914/ സി.എൽ.എ.ഡി.എ 3/238/2018-സി.എൽ.എ.ഡി) ധനകാര്യ വകുപ്പ് പരിശോധിക്കുകയും, 2021-22 സാമ്പത്തിക വർഷത്തെ "2205-0-102-77-(77)-മൊയ്യാരത്ത് ശങ്കരൻ ഹിസ്റ്ററിക്കൽ ഗ്യാലറി(ചൊക്ലി ഗ്രാമപഞ്ചായത്ത്) (നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽനിന്നും തുക വിനിയോഗിച്ചുകൊണ്ട് മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറി നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി 50,00,000 രൂപയുടെ (അമ്പതു ലക്ഷം രൂപ മാത്രം) ഭരണാനുമതി പുറപ്പെടുവിക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഭരണാനുമതി പുറപ്പെടുവിച്ച് സാംസ്കാരികകാര്യ വകുപ്പിൽനിന്നും ഫയൽ ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly